**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 929** **06-02-2023 - ൽ മറുപടിയ്ക്ക്**

**ചേമ്പ്ര വന സംരക്ഷണ സമിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.സിദ്ദിഖ്** | | **ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വയനാട് ജില്ലയിൽ ചേമ്പ്ര വന സംരക്ഷണ സമിതിക്ക് വനം വകുപ്പിന്റെ രജിസ്ട്രേഷൻ ലഭിച്ചിട്ടുണ്ടോ; എങ്കിൽ രജിസ്ട്രേഷന്റെ വിശദാംശം വെളിപ്പെടുത്താമോ; | (എ) | ഉണ്ട്. രജിസ്റ്റർ നമ്പർ **133-05/2008.** |
| (ബി) | ഈ സമിതിക്ക് കൃത്യമായ മൈക്രോ പ്ലാൻ ഉണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ; | (ബി) | ചേമ്പ്ര വന സംരക്ഷണ സമിതി**ക്ക് 2021-2026 വരെയുള്ള അംഗീകരിച്ച മൈക്രോ**പ്ലാൻ **നിലവിലുണ്ട്.**<br><br>**പ്രസ്തുത മൈക്രോപ്ലാനിൽ ശാസ്ത്രീയമായ വനവിഭവശേഖരണം, വനവിഭവങ്ങൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കൽ, വിനോദസഞ്ചാരികൾക്ക് ആവശ്യമായ സുരക്ഷ, നിർദ്ദേശങ്ങൾ എന്നിവ നല്കുന്നതിന് വാച്ചർമാർ / ഗൈഡുമാരുടെ നിയമനം, നിശ്ചിത പ്രവേശന ഫീസ് ഏർപ്പെടുത്തൽ, വനത്തിലെ മാലിന്യനിക്ഷേപം തടയൽ, വനശോഷണം തടയൽ, കാട്ടുതീ പ്രതിരോധം വനോൽപ്പന്നങ്ങളുടെ വിപണത്തിനായി ഇക്കോഷോപ്പ് എന്നിവ വിഭാവനം ചെയ്യുന്നു.** |
| (സി) | സമിതിയിൽ ജീവനക്കാരെ നിയമിക്കുന്ന മാനദണ്ഡം വ്യക്തമാക്കാമോ; | (സി) | പങ്കാളിത്ത വനപരിപാലന നിയമാവലി / മാർഗ്ഗരേഖ പ്രകാരം വന സംരക്ഷണ സമിതി പൊതുയോഗം / എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനപ്രകാരമാണ് അംഗങ്ങളെ ദിവസവേതന അടിസ്ഥാനത്തിൽ നിയമിക്കുന്നത്. |
| (ഡി) | സമിതിയുടെ നടത്തിപ്പിനുള്ള കമ്മിറ്റിയിൽ എത്ര അംഗങ്ങളാണുള്ളതെന്നും അവരെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡവും വ്യക്തമാക്കാമോ; | (ഡി) | വനസംരക്ഷണ സമിതിയിലെ നടത്തിപ്പിന് 9 അംഗങ്ങളുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയും കൂടാതെ എക്സ് ഓഫീഷ്യോ സെക്രട്ടറിയായി ഒരു വനം ഉദ്യോഗസ്ഥനും ഉണ്ട്. വന സംരക്ഷണ സമിതി ജനറൽ ബോഡിയാണ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളെ തെരഞ്ഞെടുക്കുന്നത്. സമിതിയിലെ എക്സ് ഓഫീഷ്യോ സെക്രട്ടറിയെ ചീഫ് എക്സിക്യൂട്ടീവ് |

| | | | |
|---|---|---|---|
| | | | ഓഫീസറായ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നിയമിക്കുന്നു.<br><br>വനസംരക്ഷണ സമിതി എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ 3 വനിതാ അംഗങ്ങൾ നിർബന്ധമായും ഉണ്ടായിരിക്കണം. എസ്.സി., എസ്.റ്റി. വിഭാഗക്കാർക്ക് ആനുപാതിക പ്രാതിനിധ്യം ഉണ്ടായിരിക്കണം. ബാക്കി വരുന്ന അംഗങ്ങളെ പൊതുവിഭാഗത്തിൽ നിന്ന് തെരഞ്ഞെടുക്കുന്നു. |
| (ഇ) | സമിതിയിൽ ഏതു വർഷം വരെയുള്ള ഓഡിറ്റാണ് നടത്തിയിട്ടുള്ളത്; ആയതിന്റെ വിശദാംശങ്ങൾ നൽകാമോ; | (ഇ) | 2022- ലാണ് മേൽ വന സംരക്ഷണ സമിതിക്ക് ഒരു സ്ഥിരം കമ്മിറ്റി രൂപപ്പെടുത്തിയത്. സമിതിയുടെ പ്രവർത്തനങ്ങൾ ഓഡിറ്റിങ്ങ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (എഫ്) | സമിതിയുമായി ബന്ധപ്പെട്ട് അഴിമതി നടക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | (എഫ്) | ഉണ്ട്. പരാതിയിന്മേൽ ഡിവിഷൻ തലത്തിൽ അന്വേഷണം നടന്നുവരുന്നു. അടിയന്തരമായി അന്വേഷണം പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ